"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - മണ്ണിടിച്ചിൽ മൂലം വീട് അപകടാവസ്ഥയിലായ ശ്രീ.അസ്സാമു, ശ്രീമതി സൈറാബാനു, ശ്രീമതി റഷീദ എന്നിവരെ മാറ്റിപ്പാർപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.764/2025/DMD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- (1) 23.08.2019 തീയതിയിലെ സ.ഉ (കൈ)നം.25/2019/ഡി.എം.ഡി

(2) കോഴിക്കോട് ജില്ലാ കളക്ടറുടെ 28.06.2025 തീയതിയിലെ DCKKD/9883/2024-F1 നമ്പർ കത്ത്

(3) കോഴിക്കോട് തഹസിൽദാരുടെ 25.11.2025 തീയതിയിലെ TLKKKD/7958/2024-J3 നമ്പർ കത്ത്

(4) കോഴിക്കോട് ജില്ലാ കളക്ടറുടെ 02.12.2025 തീയതിയിലെ DCKKD/9883/2024-F1 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് താലൂക്കിൽ ചെറുവണ്ണൂർ വില്ലേജിൽ പള്ളിത്താഴം എന്ന സ്ഥലത്ത് ശ്രീ. അസ്സാമു S/o അബ്ദു, ബൈത്തുൽനൂർ, കിഴക്കെത്തടം പറമ്പ്, പള്ളിത്താഴം, കൊളത്തറ പി.ഒ എന്നവരുടെ വീട് മണ്ണിടിച്ചിലിൽ തകർന്നതായും, അതിനോട് ചേർന്നുള്ള ശ്രീമതി സൈറാബാനു തിരുത്തലിൽ, ബൈത്തുൽ ശബ്ദം, പള്ളിത്താഴം കൊളത്തറ, ശ്രീമതി റഷീദ കാഞ്ഞിക്കൽ ഹൗസ്, പള്ളിത്താഴം, കൊളത്തറ പി.ഒ എന്നിവരുടെ വീടും മണ്ണിടിച്ചിൽ സാധ്യത പ്രദേശത്തായതിനാൽ അടിയന്തിരമായി പുനരധിവസിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സ്പഷ്ടീകരണം പരാമർശം (2) പ്രകാരം കോഴിക്കോട് ജില്ല കളക്ടർ ആരാഞ്ഞിരുന്നു.

2) ശ്രീ. അസ്സാമു S/o അബ്ദു, ബൈത്തുൽനൂർ, കിഴക്കെത്തടം പറമ്പ്, പള്ളിത്താഴം, കൊളത്തറ പി.ഒ, ശ്രീമതി സൈറാബാനു തിരുത്തലിൽ, ബൈത്തുൽ ശബ്ദം, പള്ളിത്താഴം കൊളത്തറ, ശ്രീമതി റഷീദ, കാഞ്ഞിക്കൽ ഹൗസ്, പള്ളിത്താഴം, കൊളത്തറ പി.ഒ എന്നിവർക്ക് വാസയോഗ്യമായ വീടോ സ്ഥലമോ മറ്റെവിടെയും ഇല്ല എന്ന് കോഴിക്കോട് തഹസിൽദാർ, കോഴിക്കോട് ജില്ലാ കളക്ടർ എന്നിവർ യഥാക്രമം പരാമർശം (3), (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) ദുരന്ത സാധ്യതാ മേഖലയിലാണ് എന്ന് ജിയോളജിക്കൽ സർവേ ഓഫ് ഇൻഡ്യയോ,

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ധ സംഘമോ പഠനം നടത്തി വാസയോഗ്യം അല്ല എന്ന് കണ്ടെത്തി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീട്ടുള്ള വസ്തുവിൽ നിന്നും മാറി വസ്തു വാങ്ങി വീട് നിർമിക്കുന്നതിന് / വസ്തുവും വീടും ഒരുമിച്ച് വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,00,000/- (പത്തു ലക്ഷം രൂപ മാത്രം) രൂപ അനുവദിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവുള്ളതാണ്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **ശ്രീ. അസ്ലാമു** S/o അബ്ദു, ബൈത്തുൽനൂർ, കിഴക്കെത്തടം പറമ്പ്, പള്ളിത്താഴം, കൊളത്തറ പി.ഒ, **ശ്രീമതി സൈറാബാനു** തിരുത്തലിൽ, ബൈത്തുൽ ശബ്നം, പള്ളിത്താഴം കൊളത്തറ, **ശ്രീമതി റഷീദ** കാഞ്ഞിക്കൽ ഹൗസ്, പള്ളിത്താഴം, കൊളത്തറ പി.ഒ എന്നിവരുടെ വീടും സ്ഥലവും വാസയോഗ്യമല്ലാതായി തീർന്നതിനാൽ, ദുരന്ത സാധ്യതാ പ്രദേശത്തു നിന്നും മാറി വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മുകളിൽ സൂചിപ്പിച്ചിട്ടുള്ള 3 പേർക്കും 10,00,000- രൂപ ( പത്ത് ലക്ഷം രൂപ മാത്രം) വീതം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യു
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, കോഴിക്കോട്
റവന്യൂ (ഡി.ആർ.എഫ് - എ) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണം
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Pradeep V R
Date: 21-12-2025 07:33:00
സെക്ഷൻ ഓഫീസർ